"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ശിപാർശ- കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ ശ്രീമതി. നസീമ, ശ്രീ.നിയാസ് എന്നിവർക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണാനുകൂല്യത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2113/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/09/2019

---

പരാമർശം:- 1 നിയമസഭാ സമിതി മുമ്പാകെ ശ്രീമതി. ഫാത്തിമ.കെ, കാസർഗോഡ് 19.11.2013ൽ സമർപ്പിച്ച ഹർജി

2 നിയമസഭാ സെക്രട്ടറിയുടെ 14.12.2015 തീയതിയിലെ 21049/ഡബ്ല്യൂ.സി&പിഎച്ച്.സി1/2013/നിസെ നമ്പർ കത്ത്.

3 പഞ്ചായത്ത് ഡയറക്ടറുടെ 17.9. 2019 ലെ ജെ.2/11358//2019 നമ്പർ കത്ത്.

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട പുല്ലൂർ-പെരിയ ഗ്രാമ പഞ്ചായത്തിലെ ചാലിങ്കാൽ നിവാസിയായ ശ്രീമതി. ഫാത്തിമ ഭവന നിർമ്മാണത്തിന് സഹായം അഭ്യർത്ഥിച്ച് പരാമർശം 1 പ്രകാരം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച ഹർജി പരിഗണിച്ച സമിതി ഹർജിക്കാരിയുടെ വീട്ടിൽ താമസിക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതരായ ടിയാളുടെ മകൾ ശ്രീമതി. നസീമ, മകൻ ശ്രീ. നിയാസ് എന്നിവരെ പഞ്ചായത്തിന്റെ അടുത്ത പ്രാവശ്യത്തെ ലിസ്റ്റിൽ പ്രത്യേകമായി പരിഗണിച്ച് ഭവന നിർമ്മാണ ആനുകൂല്യം നൽകണമെന്ന് പരാമർശം 2ലെ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. ശ്രീമതി. ഫാത്തിമയും മക്കളും ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടതിനാലും കുടുംബസ്വത്തായി 25 സെന്റിൽ കൂടുതൽ ഭൂമിയുള്ളതിനാലും ഫാത്തിമയുടെ പേരിൽ വാസയോഗ്യമായ വീടുള്ളതിനാലും ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഇവരെ ഉൾപ്പെടുത്തിയിട്ടില്ലെന്നും നിലവിലെ ലൈഫ് പദ്ധതിയുടെ മാനദണ്ഡപ്രകാരം

ഇവർക്ക് ഭവനാനുകൂല്യം അനുവദിക്കുവാൻ സാധിക്കുകയില്ലെന്നും എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരായ ഹർജിക്കാരിയുടെയും മക്കളുടെയും നിലവിലെ അവസ്ഥ പരിഗണിച്ച് ഇവരുടെ അപേക്ഷ സഹതാപപൂർവ്വം പരിഗണിയ്ക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 3ലെ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. നിയമസഭാ സമിതിയുടെ പരാമർശം 2ലെ ശിപാർശയും പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം 3ലെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിൽ ചാലിങ്കാൽ,15/511-◌ാ◌ം നമ്പർ വീട്ടിൽ താമസിയ്ക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതരായ ശ്രീമതി. നസീമ, ശ്രീ. നിയാസ് എന്നിവരെ മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് ലൈഫ് ഭവന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി ഭവനാനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, കേരള നിയമസഭ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, പുല്ലൂർ- പെരിയ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്